

# 'കേരളത്തിലെ കാമ്പസുകൾ നവോത്ഥാനം ആഗ്രഹിക്കുന്നു'

അഭിമുഖം

○

## പി.എം സാലിഹ്/ സലീം പൂപ്പലം

ഇരുപത് വർഷങ്ങൾക്കുശേഷം *സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ(എസ്.ഐ.ഒ)* കേരള ഘടകത്തിന്റെ സംസ്ഥാന സമ്മേളനം 2010 ഡിസംബർ 11-ന് എറണാകുളത്ത് നടക്കുകയാണ്. സമ്മേളനപരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് ഫെബ്രുവരി 13, 14 തീയതികളിൽ കണ്ണൂരിൽ കേഡർ കോൺഫറൻസ് നടക്കും. ഈ പശ്ചാത്തലത്തിൽ എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് പി.എം സാലിഹ് വിദ്യാർഥി പ്രസ്ഥാനത്തിന്റെ ലക്ഷ്യവും നിലപാടുകളും വിശദീകരിക്കുന്നു.

• *ഏതൊരു പ്രസ്ഥാനത്തിനും നിലനിൽക്കാനുള്ള ന്യായങ്ങളുണ്ടാകുന്നതും കാലത്തെ അതിജീവിക്കാൻ കഴിയുന്നതും ദാർശനിക അടിത്തറയുണ്ടാകുമ്പോഴാണല്ലോ. എന്താണ് എസ്.ഐ.ഒവിന്റെ ദാർശനിക അടിത്തറ?*

ഇസ്‌ലാം ആണ് എസ്.ഐ.ഒവിന്റെ ദർശനം. ജീവിതത്തെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ അധ്യാപനങ്ങളിൽ നിന്നാണ് എസ്.ഐ.ഒവിന്റെ നയവും പരിപാടികളും രൂപപ്പെടുന്നത്. പ്രപഞ്ചത്തിലെ മുഴുവൻ ചരാചരങ്ങൾക്കും കാരുണ്യമായി പെയ്തിറങ്ങിയ അല്ലാഹുവിന്റെ അനുഗ്രഹമായാണ് ഇസ്‌ലാമിനെ എസ്.ഐ.ഒ മനസ്സിലാക്കുന്നത്. ഇസ്‌ലാം എങ്ങനെയാണോ മനുഷ്യസമൂഹത്തിന്റെ പൊതുസ്വത്തായി മാറു

ന്നത്, അതുപോലെ ഇസ്‌ലാമിക വിദ്യാർഥിപ്രസ്ഥാനവും വിദ്യാർഥികളുടെ പൊതു സ്വത്തായിത്തീരേണ്ടതുണ്ടെന്ന് എസ്.ഐ.ഒ വിചാരിക്കുന്നു. അറിവിനെക്കുറിച്ചും വിദ്യാഭ്യാസത്തെക്കുറിച്ചും എസ്.ഐ.ഒവിന് മൗലികമായ കാഴ്ചപ്പാടുകളുണ്ട്. ഇസ്‌ലാമിന്റെ തന്നെ വിദ്യാഭ്യാസ ദർശനത്തിൽനിന്ന് രൂപപ്പെട്ടതാണ് അവ. പ്രപഞ്ചത്തിന്റെ യാഥാർഥ്യങ്ങൾ തിരിച്ചറിഞ്ഞ്, ദൈവവിശ്വാസത്തിലെത്താൻ മനുഷ്യരെ സഹായിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.

• *ആദ്യകാലത്ത് വിദ്യാർഥി-യുവജന പ്രസ്ഥാനമായാണ് എസ്.ഐ.ഒ പ്രവർത്തിച്ചുവന്നിരുന്നത്. ഇന്ന് സംഘടന ഒരു സമ്പൂർണ വിദ്യാർഥിപ്രസ്ഥാനമാണ്. എസ്.ഐ.ഒവിന്റെ ഘടനാപരമായ ഈ മാറ്റം സംഭവിച്ചതെങ്ങനെയാണ്?*

ആദ്യകാലത്ത് യുവാക്കൾക്ക് പ്രാമുഖ്യമുള്ള സംഘടനയായിരുന്നു എസ്.ഐ.ഒ. 'സ്റ്റുഡന്റ്' എന്ന് പേരിലുണ്ടെങ്കിലും അന്ന് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലും അണികളിലുമുള്ള മിക്ക ആളുകളും വിദ്യാർഥികാലം കഴിഞ്ഞവരായിരുന്നു. അന്ന് ഏറ്റെടുത്ത പരിപാടികളും ആ സ്വഭാവത്തിലുള്ളതായിരുന്നു. 2003-ൽ യുവാക്കൾക്ക് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് രൂപവത്കരിക്കപ്പെട്ടതോടെ എസ്.ഐ.ഒ സമ്പൂർണ വിദ്യാർഥിപ്രസ്ഥാനമായി മാറുകയായിരുന്നു. ദേശീയ തലത്തിലും ഈ മാറ്റം ഏറക്കുറെ പൂർണമായിക്കഴിഞ്ഞു. ഇത് ഒറ്റയടിക്ക് സംഭവിച്ചതല്ല. സമ്പൂർണ വിദ്യാർഥിപ്രസ്ഥാനമായി മാറാനുള്ള തയാറെടുപ്പുകൾ തൊണ്ണൂറുകളുടെ അവസാനം തൊട്ടുതന്നെ എസ്.ഐ.ഒ നടത്തി വന്നിരുന്നു. സംസ്ഥാന കൂടിയാലോചനാസമിതിയിൽ വിദ്യാർഥികളെ ഉൾപ്പെടുത്തിയും വിദ്യാർഥികേന്ദ്രിത പരിപാടികൾക്ക് പ്രത്യേക പരിഗണന കൊടുത്തുമാണ് ഈ മാറ്റം. അതിന്റെ ഫലമായി ധാരാളം കാമ്പസ് ഘടകങ്ങൾ രൂപീകരിക്കപ്പെട്ടു. ഇന്ന് കേരളത്തിലെ നാല് പ്രമുഖ യൂനിവേഴ്സിറ്റികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന യൂനിവേഴ്സിറ്റി കാമ്പസ് സമിതികൾ എസ്.ഐ.ഒവിനുണ്ട്. കേരളത്തിലെ ഏറക്കുറെ എല്ലാ പ്രമുഖ കോളേജുകളിലും എസ്.ഐ.ഒവിന് പ്രവർത്തകരും ഘടകങ്ങളുമുണ്ട്. പ്രാദേശിക ഘടകങ്ങൾ മാത്രമാണ് എസ്.ഐ.ഒവിന് മുമ്പുണ്ടായിരുന്നതെങ്കിൽ ഇന്ന് ആ ഘടനക്ക് സമാന്തരമായി കാമ്പസ് ഘടകങ്ങൾ കൂടി പ്രവർത്തിക്കുന്നു.

• *എസ്.ഐ.ഒ സംസ്ഥാനസമ്മേളന പ്രഖ്യാപനം നടക്കാൻ പോവുകയാണല്ലോ, എന്തിനാണൊരു സംസ്ഥാന സമ്മേളനം?*

സമ്മേളനങ്ങൾ സംഘടിപ്പിക്കുക എന്നത് ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ പതിവുശീലമല്ല. സമ്മേളനത്തിനുവേണ്ടി സമ്മേളനങ്ങൾ സംഘടിപ്പിക്കാറുമില്ല. എസ്.ഐ.ഒവിന്റെ സംസ്ഥാന സമ്മേളനം കഴിഞ്ഞിട്ട് 20 വർഷമായി എന്നതുതന്നെയാണ് ഇപ്പോൾ അത്തരമൊരു ആലോചനയിലേക്കെത്താനുള്ള പ്രധാന കാരണം. ഈ ഇരുപത് വർഷങ്ങൾക്കിടയിൽ നമ്മുടെ ലോകം ഒരുപാട് മാറി. സംഘടനക്കും കുറെ പരിണാമം സംഭവിച്ചു. 20 വർഷം മുമ്പുള്ള ഭാവുകത്വമല്ല ഇന്ന് ഇസ്‌ലാമിക പ്രസ്ഥാനത്തിനും അതിന്റെ വിദ്യാർഥി വിഭാഗത്തിനുമുള്ളത്. എസ്.ഐ.ഒ സംഘടനാപരമായും ഒരുപാട് വളർന്നിട്ടുണ്ട്. ഈ വളർച്ച സ്വയം ബോധ്യപ്പെടുകയും കേരളത്തെ ബോധ്യപ്പെടുത്തുകയും ചെയ്യുക എന്നുള്ളത് സമ്മേളനത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളിലൊന്നാണ്. സമ്പൂർണ വിദ്യാർഥിവൽക്കരണത്തിനുശേഷം നടക്കുന്ന ആദ്യത്തെ സംസ്ഥാനസമ്മേളനമെന്ന സവിശേഷതയും ഈ സമ്മേളനത്തിനുണ്ട്. കേഡർ കോൺഫറൻസ്, തിരുവനന്തപുരത്ത് നടത്താൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസ

കോൺഗ്രസ്, സംസ്ഥാന പ്രസിഡന്റിന്റെ കാമ്പസ് പര്യടനം തുടങ്ങി നിരവധി പരിപാടികൾ സമ്മേളനത്തോടനുബന്ധിച്ച് നടക്കും. ജി.ഐ.ഒവിന്റെ സജീവപങ്കാളിത്തവും ഉണ്ടാകും.

• *വ്യത്യസ്ത ജാതി-മത-രാഷ്ട്രീയ വിദ്യാർഥി സംഘടനകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർഥി പ്രസ്ഥാനങ്ങളെ എങ്ങനെ വിലയിരുത്തുന്നു?*

നമ്മുടെ നാട്ടിൽ ധാരാളം വിദ്യാർഥി സംഘടനകൾ ഉണ്ടെന്നത് ശരിതന്നെ. പക്ഷേ, പ്രതീക്ഷയർപ്പിക്കാൻ കഴിയാത്തവിധം അവയൊക്കെ നിർവീര്യമായിക്കഴിഞ്ഞു. തങ്ങളുടെ മാതൃപ്രസ്ഥാനങ്ങൾ തയാറാക്കുന്ന അജണ്ടകളുടെ നടത്തിപ്പുകാർ മാത്രമായി ചുരുങ്ങിക്കഴിഞ്ഞ വിദ്യാർഥിസംഘടനകളിൽ നിന്ന് ഇനിയും അത്ഭുതങ്ങൾ പ്രതീക്ഷിക്കുന്നത് വിഡ്ഢിത്തമായിരിക്കും. മൗലികമായ ദർശനമോ ദീർഘദൃഷ്ടിയോടു കൂടിയ കാര്യപരിപാടിയോ ഉള്ള ഏത് സംഘടനയാണ് ഇന്ന് കേരളത്തിലുള്ളത്? കക്ഷിരാഷ്ട്രീയത്തിന്റെ സങ്കുചിതത്വങ്ങളിൽ വീണ്, വിദ്യാർഥികൾക്കിടയിൽ തൽകാലം പിടിച്ചുനിൽക്കാനുള്ള അഭ്യാസങ്ങൾ മാത്രമാണ് ഇന്ന് എല്ലാവരും പയറ്റുന്നത്.

• *ഈ വിദ്യാർഥി പ്രസ്ഥാനങ്ങൾക്കിടയിൽ എസ്.ഐ.ഒവിന്റെ മൗലികമായ സവിശേഷതകൾ എന്തൊക്കെയാണ്?*

ദാർശനികമായ അടിത്തറയുണ്ട് എന്നതുതന്നെയാണ് എസ്.ഐ.ഒവിന്റെ ഏറ്റവും വലിയ സവിശേഷത. അതിനാൽ തന്നെ എസ്.ഐ.ഒവിന് മൗലികമായ നയപരിപാടികളുമുണ്ട്. വിദ്യാർഥികളെ വെറുതെ സംഘടിപ്പിക്കുകയല്ല എസ്.ഐ.ഒ ചെയ്യുന്നത്. അകക്കരുത്തില്ലാത്ത വ്യക്തികൾ ചേർന്ന് രൂപപ്പെടുന്ന ഒരു ആൾക്കൂട്ടത്തിന് ഒന്നും ചെയ്യാനാവില്ല. അതിനാൽ സംഘടനയിൽ അണിചേർന്നിട്ടുള്ള ഓരോരുത്തരെയും വ്യക്തിപരമായി ബലപ്പെടുത്താൻ വിപുലമായ സംസ്കരണ സംരംഭങ്ങളാണ് എസ്.ഐ.ഒ ആവിഷ്ക്കരിക്കുന്നത്. മനുഷ്യന്റെ ആത്മീയതയിലാണ് വിപ്ലവങ്ങളുടെ സകല ഊർജവും വേരാഴ്ത്തിയിരിക്കുന്നത്. ധാർമികതയിലധിഷ്ഠിതമായ ഒരു ജീവിത ശൈലി എസ്.ഐ.ഒ അതിന്റെ പ്രവർത്തകർക്ക് പകർന്നുനൽകുന്നു. ഇത്രയധികം പഠന-സമര-സേവനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന മറ്റൊരു വിദ്യാർഥി സംഘടനയും കേരളത്തിലെന്നല്ല, ഇന്ത്യയിൽ തന്നെ ഉണ്ടാവില്ല. ഇവക്ക് പുറമെയാണ് എസ്.ഐ.ഒവിന്റെ വൈജ്ഞാനികാന്വേഷണങ്ങളും കലാ-സാംസ്കാരിക പ്രവർത്തനങ്ങളും മാനവവിഭവശേഷി വികസിപ്പിക്കാനുള്ള ശ്രമങ്ങളുമെല്ലാം.

• *ഒരുപക്ഷേ എസ്.എഫ്.ഐയുമായി ഏറ്റവും കൂടുതൽ പ്രത്യയശാസ്ത്രപരമായി കലഹിച്ചിട്ടുള്ളത് എസ്.ഐ.ഒ ആയിരിക്കും. പുതിയ സാഹചര്യങ്ങളിൽ എസ്.എഫ്.ഐ എന്ന ഇടതുപക്ഷ വിദ്യാർഥി സംഘടനയെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു?*

പ്രത്യയശാസ്ത്രപരമായ എല്ലാ വിശുദ്ധിയും സത്യസന്ധതയും കളഞ്ഞുകുളിച്ചുകൊണ്ട് കക്ഷി രാഷ്ട്രീയത്തിന്റെ ചെളിക്കുണ്ടിലാണ് ഇന്ന് എസ്.എഫ്.ഐ. യൂനിവേഴ്സിറ്റി യൂനിയനുകളും കോളേജ് യൂണിയനുകളും നിലനിർത്തുന്നതിനോ പിടിച്ചെടുക്കുന്നതിനോ വേണ്ടി തിണ്ണബലവും മസിൽ പവറും ഉപയോഗിക്കുന്നതിൽ അവർക്ക് ഒരു മടിയുമില്ല. കെ.എസ്.യുവിന്റെ നേതൃത്വത്തിൽ കേരളത്തിൽ നിലനിന്നിരുന്ന ജീർണിച്ച കാമ്പസ് രാഷ്ട്രീയത്തിനെതിരെ നിരവധി ജീവനുകൾ ബലി നൽകി, ത്യാഗങ്ങൾ അനുഷ്ഠിച്ച് വളർന്നുവന്ന ഒരു പ്രസ്ഥാനം ഇന്ന് മറ്റൊരു കെ.

എസ്.യു ആകുന്നതാണ് നാം കാണുന്നത്.

എസ്.എഫ്.ഐയുമായി പ്രത്യയശാസ്ത്രപരമായി ഏറ്റവും കൂടുതൽ കലഹിച്ചിട്ടുള്ളത് എസ്.ഐ.ഒ തന്നെയായിരിക്കും. പക്ഷേ, എസ്.ഐ.ഒവിന്റെ ഇത്തരം സൈദ്ധാന്തിക സംവാദങ്ങളോട് എസ്.എഫ്.ഐ കാലാകാലങ്ങളിൽ എന്തു നിലപാട് സ്വീകരിച്ചു എന്നത്, എസ്.എഫ്.ഐ എന്ന വിദ്യാർഥി സംഘടനയെ വിലയിരുത്തുന്നതിൽ വളരെ നിർണായകമായിരിക്കും. എസ്.ഐ.ഒവിന്റെ ആലോചനകളോടും ചോദ്യങ്ങളോടും ഏറെ അസഹിഷ്ണുതയോടെയാണ് എസ്.എഫ്.ഐ എന്നും പ്രതികരിച്ചിട്ടുള്ളത്. ജനാധിപത്യത്തിനുവേണ്ടി വാ തോരാതെ സംസാരിക്കുകയും ഫാഷിസത്തെ ചെറുക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് നിരന്തരം പ്രസംഗിക്കുകയും ചെയ്യുന്നവർ, എസ്.ഐ.ഒവുമായി സംവദിക്കേണ്ടിവരുമ്പോഴൊക്കെ തെരുവുഗുണ്ടകളുടെ മേൽകുപ്പായമണിഞ്ഞ്, കൈയിൽ കുറുവടിയേന്തി ആക്രോശിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. കൈയൂക്കിന്റെ ബലത്തിൽ കാര്യങ്ങൾ നിയന്ത്രിച്ചുനിർത്താമെന്ന ധാരണ വിഡ്ഢിത്തമാണെന്നത് ചരിത്രം നൽകുന്ന ഏറ്റവും ലളിതമായ പാഠങ്ങളിലൊന്നാണ്. ഈ തിരിച്ചറിവ് എത്രനേരത്തെ അവർക്കുണ്ടാകുന്നുവോ അത്രയും നല്ലത്.

• *ഒരു സമ്പൂർണ വിദ്യാർഥി പ്രസ്ഥാനമായതിനു ശേഷമുള്ള നാലാമത്തെ പ്രവർത്തന കാലയളവിലാണല്ലോ എസ്.ഐ.ഒ ഇപ്പോൾ. എന്തൊക്കെ നയനിലപാടുകളിലൂന്നിയാണ് സംഘടന ഇപ്പോൾ മുന്നോട്ട് പോവുന്നത് ?*

ഒരു ബഹുസ്വര സമൂഹത്തിൽ, ഇസ്‌ലാമിന്റെ ഭൂമികയിൽ നിന്നുകൊണ്ട് ഒരു വിദ്യാർഥി പ്രസ്ഥാനത്തിന്റെ ഉത്തരവാദിത്വങ്ങൾ എങ്ങനെ നിർവഹിക്കാം എന്ന അന്വേഷണമാണ് എസ്.ഐ.ഒ. ജാതി-മതഭേദമന്യേ മുഴുവൻ വിദ്യാർഥികളുടെയും പ്രസ്ഥാനമായി വികസിക്കണമെന്നാണ് എസ്.ഐ.ഒ ആഗ്രഹിക്കുന്നത്. കാമ്പസുകളിലെ മുഴുവൻ വിദ്യാർഥികളുടെയും പങ്ക് ഉറപ്പുവരുത്തുന്ന രീതിയിൽ സംഘടനാ പ്രവർത്തനം വിപുലപ്പെടുത്തുമെന്നത് ഈ പ്രവർത്തന കാലയളവിലെ ഊന്നലുകളിൽ ഒന്നാണ്. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സമരപരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം തന്നെ അവക്ക് മൗലികവും ശാശ്വതവുമായ പരിഹാരങ്ങൾ നിർദേശിക്കാനും എസ്.ഐ.ഒ ശ്രമിക്കുന്നു. അക്കാദമിക്-കരിയർ രംഗത്ത് മികവ് പുലർത്താൻ പ്രവർത്തകരെ പ്രത്യേകം സജ്ജരാക്കുമെന്ന് എസ്.ഐ.ഒ തീരുമാനിച്ചിട്ടുണ്ട്. പ്രവർത്തകരുടെയും ഘടകങ്ങളുടെയും എണ്ണത്തിൽ വലിയ വർധനവാണ് ലക്ഷ്യമിടുന്നത്. സംഘടനാവ്യാപനവും വിദ്യാർഥികളുടെ പ്രശ്നപരിഹാരവും ലക്ഷ്യംവെച്ച് പൊതുവേദികൾ രൂപീകരിക്കാനുള്ള ശ്രമം പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ്. വിദ്യാർഥികളിൽ സേവനസംസ്കാരം വികസിപ്പിക്കാൻ എസ്.ഐ.ഒ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നു.

• *ഒരു ഇസ്‌ലാമിക വിദ്യാർഥിപ്രസ്ഥാനം എന്ന നിലയിൽ എസ്.ഐ.ഒ കാമ്പസുകളിൽ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ? അവയെ എങ്ങനെ മറികടക്കുന്നു?*

മതത്തെ സംബന്ധിച്ച് വലിയ തെറ്റിദ്ധാരണകൾ നിലനിൽക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. അതുകൊണ്ട് വന്നുചേരുന്ന പരിമിതികളാണ് എസ്.ഐ.ഒ പ്രധാനമായും അഭിമുഖീകരിക്കുന്നത്. മതത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നു എന്ന ഒറ്റക്കാരണത്താലാണ് മതേതരരെന്നു നടിക്കുന്ന വിദ്യാർഥി പ്രസ്ഥാനങ്ങൾ വർഗീയ-തീവ്രവാദ ആരോപണങ്ങൾ ഉന്നയിക്കുന്നത്. മറ്റൊരു തെളിവും അവർക്കില്ല. മത

ങ്ങളുമായി ബന്ധപ്പെട്ടതൊക്കെ വർഗീയവും കൂടി ആയിരിക്കുമെന്ന നമ്മുടെ പൊതുബോധത്തിന്റെ മറവിലാണ് ഇത്തരം ആരോപണങ്ങൾ വേരുപിടിക്കുന്നത്. എന്നാൽ ജീവിതവിശുദ്ധിയും സത്യസന്ധതയും കൊണ്ട് ഇത്തരം ആരോപണങ്ങളെ മറികടക്കാൻ എസ്.ഐ.ഒ പ്രവർത്തകർക്ക് സാധിക്കുന്നു. എസ്.ഐ.ഒവിന് ഹിഡൻ അജണ്ടകളില്ല. ഇസ്‌ലാമിന്റെ സാധ്യതകളെക്കുറിച്ച് എസ്.ഐ.ഒ സംസാരിക്കുന്നതിന്റെ ന്യായം, മുഴുവൻ ചരാചരങ്ങൾക്കും ഈ ലോകത്തും പരലോകത്തും സ്വാസ്ഥ്യം നൽകാൻ ഇസ്‌ലാമിന് കഴിയും എന്ന ബോധ്യമാണ്. അതിനാലാണ് 'ഗസ്സ' കാമ്പയിൻ സംഘടിപ്പിക്കുന്നതോടൊപ്പം ബിനായക്സെന്നിനുവേണ്ടിയും ഇറോം ഷർമിളക്ക് വേണ്ടിയും ശബ്ദമുയർത്താൻ എസ്.ഐ.ഒവിന് കഴിയുന്നത്; കഷ്ടപ്പെടുന്ന വിദ്യാർഥികൾക്ക് ജാതി–മതഭേദമന്യേ കൈത്താങ്ങ് നൽകാൻ സാധിക്കുന്നത്. ഇത്ര സത്യസന്ധമായ നിലപാടുള്ളതിനാൽ ആരോപണങ്ങൾക്ക് നടുവിലും എസ്.ഐ.ഒവിനെ സ്നേഹിക്കുന്ന, എല്ലാ മതക്കാരിലും പെട്ട ധാരാളം വിദ്യാർഥി സുഹൃത്തുക്കളുണ്ട്. അവരിൽ വരിസംഖ്യ നൽകി എസ്.ഐ.ഒവിന്റെ പ്രവർത്തകരായവരുണ്ട്; കാമ്പസുകളിലും പ്രാദേശിക തലങ്ങളിലും എസ്.ഐ.ഒവിന്റെ ഭാരവാഹിത്വം വഹിക്കുന്നവരുണ്ട്; തോൽക്കുമെന്നറിഞ്ഞിട്ടും എസ്.ഐ.ഒവിന്റെ സ്ഥാനാർഥികളായി മത്സരിക്കുന്നവരുണ്ട്.

• *വ്യത്യസ്ത ഇസ്‌ലാമിക സംഘടനകൾക്കു കീഴിൽ നടന്നുവരുന്ന മതകലാലയങ്ങളിലെ വിദ്യാർഥികളെ അഭിമുഖീകരിക്കാൻ എസ്.ഐ.ഒ ശ്രമിച്ചിട്ടുണ്ടോ?*

മതപാഠശാലകളിലെ വിദ്യാർഥികളെ അഭിമുഖീകരിക്കുന്നതിനായി 'ദീനീമദാരിസ്' എന്ന പേരിൽ ഒരു പ്രത്യേക വകുപ്പ് തന്നെ എസ്.ഐ.ഒവിനുണ്ട്. കേരളത്തിലെ വ്യത്യസ്ത മതപാഠശാലകളിലെ വിദ്യാർഥികളുടെ പൊതുവേദിയായ 'ജംഇയ്യത്തുൽ ഫിക്‌രി വദഅ്‌വ' രൂപീകരിക്കുന്നതിലും മുന്നോട്ടുകൊണ്ടുപോകുന്നതിലും എസ്.ഐ.ഒവിന്റെ നേതൃപരമായ പങ്ക് നിർണായകമാണ്. സംഘടനാ സങ്കുചിതത്വങ്ങൾക്കതീതമായി ചിന്തിക്കാനും അഭിപ്രായ വ്യത്യാസങ്ങൾ നിലനിർത്തിക്കൊണ്ടു തന്നെ പരസ്പരം ബഹുമാനിക്കാനും കഴിയുന്ന ഒരു സംസ്കാരം ഈ വിദ്യാർഥി സമൂഹത്തിൽ വ്യാപിപ്പിക്കാൻ എസ്.ഐ.ഒവിന് കഴിയുന്നു. ദീനീമദാരിസ് വിദ്യാർഥികൾക്കുവേണ്ടി പ്രത്യേകം പരിപാടികൾ എസ്.ഐ.ഒ സംഘടിപ്പിച്ചുവരുന്നു. ശാന്തപുരം അൽ ജാമിഅയിൽ നടന്ന ദീനീമദാരിസ് സംസ്ഥാന സമ്മേളനത്തിലായിരിക്കണം, കേരളത്തിലെ മതവിദ്യാർഥികൾ ആദ്യമായി സംഘടനാ ഭേദമന്യേ ഒരുമിച്ചിരുന്നത്. കഴിഞ്ഞ നബിദിനത്തോടനുബന്ധിച്ച് സമസ്തയുടെ സ്ഥാപനത്തിലെ വിദ്യാർഥികൾ കുറ്റ്യാടി ഇസ്‌ലാമിയാ കേളേജിൽ വന്ന് പരിപാടി അവതരിപ്പിക്കുകയുണ്ടായി. മതപാഠശാലകളുമായും മതനേതാക്കളുമായും എസ്.ഐ.ഒ ഊഷ്മളമായ ബന്ധം നിലനിർത്തുന്നു.

• *കലാ–സാംസ്കാരിക പ്രവർത്തനങ്ങളിൽ എസ്.ഐ.ഒ എന്നും മുസ്‌ലിം സമുദായത്തിന്റെ മുമ്പിൽ നടന്നിട്ടുണ്ട്. ഈ രംഗത്ത് എസ്.ഐ.ഒവിന്റെ ഇപ്പോഴുള്ള ഇടപെടലുകളും അനുഭവങ്ങളും എന്തൊക്കെയാണ്?*

ഓരോ കാലത്തെയും ഏറ്റവും പുതിയ കലാ–സാഹിത്യ പ്രവണതകളെ ഇസ്‌ലാമിക പരിധിയിൽ നിന്നുകൊണ്ട് പരമാവധി സ്വാംശീകരിക്കാൻ എസ്.ഐ.ഒ എന്നും ജാഗ്രത കാണിച്ചിട്ടുണ്ട്. എന്നല്ല, കലാ–സാഹിത്യസംരംഭങ്ങളിലൂടെയാണ് എസ്.ഐ.ഒ ജനങ്ങളുമായി വലിയൊരളവിൽ ആശയവിനിമയം നടത്തുന്നത്. നമ്മുടെ

സാഹിത്യത്തിലെയും സംസ്കാരത്തിലെയും ഏറ്റവും പുതിയ പ്രവണതകൾ ചർച്ച ചെയ്യപ്പെടുന്ന കേരളത്തിലെ തന്നെ പ്രമുഖ കേന്ദ്രങ്ങളിലൊന്ന് 'വിദ്യാർഥിഭവന'മായിരിക്കും. സാംസ്കാരിക സംവാദങ്ങളും പുസ്തക ചർച്ചകളും സിനിമാ ഡോക്യുമെന്ററി പ്രദർശനങ്ങളും കൊണ്ട് സജീവമാണ് എസ്.ഐ.ഒ കേന്ദ്രങ്ങൾ. ജനപ്രിയസിനിമകളെ സാമൂഹികശാസ്ത്രപരമായി വിശകലനം ചെയ്യുന്ന സിനിമാ പഠനക്യാമ്പ് എസ്.ഐ.ഒ സംഘടിപ്പിച്ചത് ഈയിടെയാണ്. കോഴിക്കോട് കേന്ദ്രീകരിച്ച് സംഘടിപ്പിച്ചുവരുന്ന അന്താരാഷ്ട്ര ചലചിത്രമേള എസ്.ഐ.ഒവിന്റെ കലാ-സാംസ്കാരിക രംഗത്തുള്ള ഇടപെടലുകളിൽ ശ്രദ്ധേയമാണ്.

• *വിദ്യാർഥികളിൽ സേവനസംസ്കാരം വളർത്തിയെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുമെന്ന് പറഞ്ഞു. എസ്.ഐ.ഒ സംഘടിപ്പിക്കുന്ന സേവനപ്രവർത്തനങ്ങളുടെ സ്വഭാവമെന്താണ്?.*

2009-'10 പ്രവർത്തന കാലയളവിലേക്കുള്ള നയപരിപാടികളിൽ ഒന്നാമതായി ചേർത്തിട്ടുള്ളത് സേവന സംസ്കാരം വളർത്തുന്നതിനെക്കുറിച്ചാണ്. കേരളീയ സമൂഹത്തിൽ അടിസ്ഥാന ആവശ്യങ്ങൾപോലും നിവർത്തിക്കാൻ ഗതിയില്ലാത്ത ധാരാളം മനുഷ്യരുണ്ടെന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് എസ്.ഐ.ഒ ഇത് ചെയ്യുന്നത്. ഒരു വിദ്യാർഥി പ്രസ്ഥാനമായതിനാൽ പ്രധാനമായും വിദ്യാഭ്യാസ സേവന പ്രവർത്തനങ്ങളാണ് എസ്.ഐ.ഒ സംഘടിപ്പിക്കുന്നത്. ഈ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ ചെങ്ങറ, പ്ലാച്ചിമട, അട്ടപ്പാടി, ബഗ്ലാദേശ് കോളനി, പെരുമാതുറ തുടങ്ങി കേരളത്തിലെ പതിനൊന്ന് ആദിവാസി-തീരദേശ-പിന്നാക്ക-സമരപ്രദേശങ്ങളിൽ ലക്ഷക്കണക്കിന് രൂപയുടെ പഠന സഹായങ്ങളാണ് വിതരണം ചെയ്തത്. എസ്.ഐ.ഒവിന്റെ പ്രാദേശിക-ജില്ലാതലങ്ങളിൽ നടക്കുന്ന സേവന പ്രവർത്തനങ്ങൾ ഇവക്ക് പുറമെയാണ്. കുട്ടികൾക്ക് ഇരിക്കാൻ ക്ലാസ്മുറിയില്ലാത്തതു കാരണം പ്രയാസപ്പെടുന്ന മലബാർ പ്രദേശത്തെ സ്കൂളുകൾക്ക് ക്ലാസ്റൂമുകൾ നിർമിച്ചുകൊടുത്ത് വിദ്യാർഥിപ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ തന്നെ എസ്.ഐ.ഒ പുതിയൊരധ്യായം എഴുതിച്ചേർത്തു. സർക്കാരിൽനിന്ന് ലഭിക്കുന്ന സ്കോളർഷിപ്പുകൾ അടക്കമുള്ള വിവിധ ആനുകൂല്യങ്ങൾ അവയുടെ ഗുണഭോക്താക്കൾക്കെത്തിക്കാനും എസ്.ഐ.ഒ പ്രവർത്തകർ ഏറെ പണിയെടുക്കുന്നുണ്ട്. ജനകീയ ഫണ്ട് പിരിവിലൂടെയാണ് സേവനപ്രവർത്തനങ്ങൾക്കുള്ള മുഴുവൻ തുകയും എസ്.ഐ.ഒ കണ്ടെത്തുന്നത്.

• *അവകാശങ്ങൾ നേടിയെടുക്കുന്നതിനായി സമരങ്ങൾ സംഘടിപ്പിക്കുകയാണ് വിദ്യാർഥി സംഘടനകളുടെ പൊതുരീതി. ഇതിനോട് എസ്.ഐ.ഒയുടെ നിലപാടെന്താണ്?*

ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനു സമരങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. എന്നാൽ അതുമാത്രമാണ് വിദ്യാർഥിസംഘടനകളുടെ ഉത്തരവാദിത്വം എന്ന് മനസ്സിലാക്കുന്നതിനോട് കടുത്ത വിയോജിപ്പുണ്ട്. വിദ്യാർഥി സംഘടനകൾക്ക് വിദ്യാർഥികളോടും പൊതുസമൂഹത്തോടും വലിയ ബാധ്യതകളുണ്ട്. അക്രമാസക്തമായ സമരരീതികൾ സ്വീകരിക്കുന്നതിനോടും എസ്.ഐ.ഒ വിയോജിക്കുന്നു. അടിപിടിയും അക്രമങ്ങളും നടക്കാത്തതുകൊണ്ട് നമ്മുടെ പത്രമാധ്യമങ്ങൾക്ക് എസ്.ഐ.ഒ നേതൃത്വം നൽകുന്ന സമരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ താൽപര്യം കാണില്ല. എന്നാൽ വിദ്യാർഥികളുടെ യാത്ര, പരീക്ഷ, കോഴ്സ്, റിസൽട്ട് തുടങ്ങിയവയുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങളിൽ എസ്.ഐ.ഒ ഇടപെടുകയും പരിഹാരമു

ണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ തമിഴ്മീഡിയം സ്കൂളിനു വേണ്ടിയുള്ള സമരം മുതൽ ഇടതുസർക്കാറിന്റെ വിദ്യാഭ്യാസരംഗത്തെ ക്രമക്കേടുകൾക്കെതിരെയുള്ള കാമ്പയിൻ വരെ ഇതിൽപെടും. എസ്.ഐ.ഒവിന്റെ നൂറുകണക്കിന് പ്രവർത്തകരാണ് ഇത്തരം സമരങ്ങളിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചത്; തിരുവനന്തപുരത്തും വയനാട്ടിലും ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്തു.

*• പഠനത്തെയും സമരത്തെയും സമന്വയിപ്പിച്ച് മുന്നോട്ടു പോകാൻ ശ്രമിക്കുന്ന എസ്.ഐ.ഒവിന്റെ അനുഭവങ്ങൾ എന്തെല്ലാമാണ്?*

പഠനവും സമരവും പരസ്പരം ചേരില്ല എന്ന നിരീക്ഷണം നമ്മുടെ അനുഭവങ്ങളിൽ ഭാഗികമായി ശരിയാണ്. ഇങ്ങനെ സംഭവിക്കുന്നത് പഠനത്തെക്കുറിച്ചും സമരത്തെക്കുറിച്ചും വികലമായ ധാരണകൾ നിലനിൽക്കുന്നതുകൊണ്ടാണ്. ഈ രണ്ട് കാര്യങ്ങളെക്കുറിച്ചും എസ്.ഐ.ഒവിന് മൗലികമായ അഭിപ്രായങ്ങളുണ്ട്. പഠനം എന്നത് വ്യക്തിയുടെയും സമൂഹത്തിന്റെയും പ്രപഞ്ചത്തിന്റെതന്നെയും യാഥാർഥ്യം തിരിച്ചറിയാനുള്ള പരിശ്രമമാണ്. പഠനങ്ങളിലൂടെ ആർജിക്കുന്ന തിരിച്ചറിവ് നമ്മെ കർമനിരതരാവാൻ പ്രേരിപ്പിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശ്രമങ്ങളാണ് 'സമരം' എന്നതുകൊണ്ട് എസ്.ഐ.ഒ ഉദ്ദേശിക്കുന്നത്. സമരത്തിന് പ്രേരണ നൽകാത്ത പഠനവും പഠനം കൂടാതെയുള്ള സമരവും അർഥശൂന്യമാണെന്ന തിരിച്ചറിവ് വിദ്യാർഥി രാഷ്ട്രീയത്തെ കൂടുതൽ സർഗാത്മകമാക്കും. കഴിഞ്ഞ വർഷം കേരളത്തിലെ വിവിധ യൂനിവേഴ്സിറ്റികൾക്കു കീഴിൽ നടന്ന മിക്ക പരീക്ഷകളിലും എസ്.ഐ.ഒവിന്റെ പ്രവർത്തകർ റാങ്ക് നേടുകയുണ്ടായി. വിദ്യാർഥി–വിദ്യാഭ്യാസ പ്രശ്നങ്ങളിൽ എസ്.ഐ.ഒ ഏറ്റവും സജീവമായി ഇടപെട്ട ഒരു സന്ദർഭം കൂടിയാണിതെന്ന് ഓർക്കണം.

*• 'ലൗജിഹാദ്' വിവാദത്തിൽ എസ്.ഐ.ഒ സജീവമായി ഇടപെടുകയുണ്ടായി. അതിലുണ്ടായ അനുഭവത്തെക്കുറിച്ച്?*

കേരളത്തിന്റെ പൊതുബോധം ഭീകരമാംവിധം സവർണമാണെന്ന് തെളിയിക്കപ്പെട്ട ഒരു സന്ദർഭമായിരുന്നു ലൗ ജിഹാദ് വിവാദം. മുസ്‌ലിം സമൂഹം അപകർഷതാബോധത്തോടെ സ്തംഭിച്ചു നിന്ന സന്ദർഭത്തിൽ, പത്രമാധ്യമങ്ങളും സംഘ്പരിവാറും ചേർന്ന് നടത്തിയ കുപ്രചാരണങ്ങൾക്കെതിരെ സാംസ്കാരിക പ്രതിരോധം തീർക്കാൻ എസ്.ഐ.ഒവിന് സാധിക്കുകയുണ്ടായി. സാഹിത്യ–സാംസ്കാരിക പ്രവർത്തകരുടെ ഇടപെടലുകൾക്ക് വേണ്ടി എസ്.ഐ.ഒ നടത്തിയ ശ്രമം വിജയിച്ചു. വിഷയത്തിൽ ആദ്യമായി ഒരു പൊതുപരിപാടി മലപ്പുറത്ത് സംഘടിപ്പിച്ചു. തുടർന്ന് തിരുവനന്തപുരത്തും കോട്ടയത്തും അത്തരം പരിപാടികൾ നടന്നു.

*• ഓപ്പൺ യൂനിവേഴ്സിറ്റി, ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റം, ഏകജാലകം തുടങ്ങി നിരവധി പരിഷ്കാരങ്ങളാണ് വിദ്യാഭ്യാസ രംഗത്ത് നടക്കുന്നത്. ഇത്തരം പരിഷ്കാരങ്ങളോട് എസ്.ഐ.ഒവിന്റെ നിലപാട് എന്താണ്?*

ഓരോ പരിഷ്കാരങ്ങളുണ്ടാവുമ്പോഴും അവയുടെ സാധ്യതകളും പരിമിതികളും പഠിച്ചശേഷം അവയോട് ഒരു നിലപാട് സ്വീകരിക്കുക എന്നതാണ് എസ്.ഐ.ഒവിന്റെ രീതി. വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങളെ, അവ മാത്രമായി നമുക്ക് വിചാരണ ചെയ്യാനാവില്ല. ദേശീയ–അന്തർദേശീയ തലങ്ങളിലെ പുതിയ സാമൂഹിക–സാമ്പത്തിക–സാംസ്കാരിക യാഥാർഥ്യങ്ങളെ പരിഗണിച്ചുകൊണ്ടേ ഈ ആലോചന നമുക്ക് നടത്താനാവൂ. 'പുതിയ സാഹചര്യങ്ങളിൽ വിദ്യാഭ്യാസരംഗത്ത് സ്വാഭാ

വികമായും സംഭവിച്ചുകൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളെ ശക്തമായി നിരൂപണം ചെയ്യുന്നതോടൊപ്പം അവയുടെ സാധ്യതകൾ അന്വേഷിക്കുക കൂടി ചെയ്യുന്ന ഒരു ശൈലി നാം വികസിപ്പിക്കും' എന്ന് എസ്.ഐ.ഒവിന്റെ പോളിസി–പ്രോഗ്രാമിൽ പറഞ്ഞിട്ടുണ്ട്.

● *ഒരു വിദ്യാർഥിസംഘടനയുടെ കരുത്ത് ഇന്നും അളക്കപ്പെടുന്നത് കാമ്പസ് ഇലക്ഷനുകളിലെ പ്രകടനത്തെ അടിസ്ഥാനമാക്കിയാണ്. എസ്.ഐ.ഒവിന്റെ ഇലക്ഷൻ പ്രകടനത്തെക്കുറിച്ച്?*

ഒരു വിദ്യാർഥി സംഘടനയുടെ കരുത്തിന്റെ മാനദണ്ഡങ്ങളിൽ ഒന്നു മാത്രമാണ് ഇലക്ഷൻ റിസൽട്ട്. കഴിഞ്ഞ കാമ്പസ് ഇലക്ഷനിൽ വിവിധ യൂനിവേഴ്സിറ്റികളിലായി നൂറോളം ആർട്സ് & സയൻസ് കോളേജുകളിൽ എസ്.ഐ.ഒ മത്സരിച്ചു. ജാതി–മതഭേദമന്യേ വിദ്യാർഥികളെ വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിപ്പിക്കാനും വിജയിപ്പിക്കാനും എസ്.ഐ.ഒവിന് കഴിഞ്ഞു. ഇത്രയേറെ കോളേജുകളിൽ മത്സരിക്കാൻ കഴിയുന്ന മൂന്ന് വിദ്യാർഥി സംഘടനകളേ കേരളത്തിലുള്ളു. അതിലൊന്ന് എസ്.ഐ.ഒ ആണ്. 24 യൂനിവേഴ്സിറ്റി യൂനിയൻ കൗൺസിലർമാർ ഉൾപ്പെടെ 120 ലേറെ സീറ്റുകളിലാണ് എസ്.ഐ.ഒ വിജയിച്ചത്. കേരളാ യൂനിവേഴ്സിറ്റി യൂനിയനിൽ എസ്.ഐ.ഒവിന്റെ പ്രതിനിധിയുണ്ട്. കാലിക്കറ്റ്–കേരള യൂനിവേഴ്സിറ്റി, യൂനിയൻ ഇലക്ഷനുകളിൽ എസ്.എഫ്.ഐയുടെ മുഖ്യ എതിരാളി എസ്.ഐ.ഒ മാത്രമായിരുന്നു.

● *എസ്.ഐ.ഒവിന്റെ ഭാവി?*

കേരളത്തിലെ കാമ്പസുകൾ ഒരു നവോത്ഥാന വിദ്യാർഥിപ്രസ്ഥാനത്തെ ആഗ്രഹിക്കുന്നുണ്ട്. തീർച്ചയായും എസ്.ഐ.ഒവിനല്ലാതെ മറ്റൊരു വിദ്യാർഥി പ്രസ്ഥാനത്തിനും പ്രസ്തുത ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ഉള്ളടക്കമോ ഉള്ളുറപ്പോ ഇല്ല. അല്ലാഹു അനുഗ്രഹിക്കുകയാണെങ്കിൽ കേരളത്തിലെ മുഴുവൻ കാമ്പസുകളിലും പ്രവർത്തകരും ഘടകങ്ങളുമുള്ള ഒരു മഹാപ്രസ്ഥാനമായി എസ്.ഐ.ഒ പടർന്ന് പന്തലിക്കുക തന്നെ ചെയ്യും. ■

*(എസ്.ഐ.ഒ കേന്ദ്ര കൂടിയാലോചനാസമിതിയംഗം കൂടിയായ പി.എം സാലിഹ് കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽ നിന്ന് എം.കോം ബിരുദവും ശാന്തപുരം അൽജാമിഅയിൽ നിന്ന് ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തിൽ പി.ജി ഡിപ്ലോമയും കരസ്ഥമാക്കി. ഇപ്പോൾ ഭാരതിയാർ യൂനിവേഴ്സിറ്റിയിൽ എം.ബി.എ ഫൈനൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫ് ഇന്ത്യയിൽ സി.എ ഫൈനൽ എന്നീ കോഴ്സുകൾ ചെയ്യുന്നു.)*